(ഡി) പഞ്ചായത്തുകൾ തോറും വിതരണത്തിനുള്ള കാലിത്തീറ്റ തടസ്സമില്ലാതെ എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ ഏജൻസികൾ നേരിട്ടാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ആയതിനായുള്ള തുക ക്ഷീരവികസന വകുപ്പ് നേരിട്ട് കാലിത്തീറ്റ വിതരണ ഏജൻസികളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നു. ഇതുകാരണം കാലിത്തീറ്റ വിതരണത്തിന് യാതൊരു തടസ്സവും വന്നിട്ടില്ല. കൂടാതെ ക്ഷീര സംഘങ്ങൾ നേരിട്ടും കാലിത്തീറ്റ വാങ്ങി കർഷകർക്ക് നൽകുന്നുണ്ട്.

**മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും**

370 (1355) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ കെ. ആൻസലൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം മൃഗശാലയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. ടി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. സുരക്ഷയുടെ ഭാഗമായി സി.സി.ടി.വി ക്യാമറകളും വാക്കി ടോക്കികളും 24x7 നിരീക്ഷണ സംവിധാനവും പോലീസ് എയ്ഡ് പോസ്റ്റ്, ഗാർഡുകളുടെ സേവനം എന്നിവ വകുപ്പിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാലകളുടെ പൊതുവായ സ്ഥിതിഗതികൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

1-ാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കേന്ദ്രമൃഗശാല അതോറിറ്റിയുടെ പരിശോധന പൂർത്തിയാക്കി ചെറിയ മൃഗശാലകളുടെ വിഭാഗത്തിൽപ്പെട്ടിരുന്ന തിരുവനന്തപുരം മൃഗശാലയെ വലിയ മൃഗശാല വിഭാഗത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്ന പരിശോധന, യഥാസമയം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

മൃഗശാലയിലെ മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്നുള്ള പരിശോധന യഥാസമയം നടത്തുന്നുണ്ട്.

(ഡി) 2020-ന് ശേഷം വിവിധ മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ ഉണ്ടായിട്ടുള്ള രോഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2020-നുശേഷം മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ പകർച്ച വ്യാധികളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**മൃഗശാല ജീവനക്കാരന്റെ മരണം**

371(1356) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി .ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരനായിരുന്ന കാട്ടാക്കട സ്വദേശി ഹർഷാദ് രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നു?

മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 859/2021 U/S 174 CRPC നമ്പരായ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. രാജവെമ്പാലയെ പാർപ്പിച്ചിരിക്കുന്ന കൂടിന്റെ ഘടനാ വിന്യാസം നടത്തിയിട്ടുള്ളത്, സന്ദർശകർക്ക് രാജവെമ്പാലയെ കാണുന്നതിനുള്ള പ്രദർശന കൂടും പിൻഭാഗത്ത് കീപ്പേഴ്സ്ഗ്യാലറിയിൽ സജ്ജമാക്കിയിട്ടുള്ള ഷിഫ്റ്റ് കേജുമായാണ് (മാറ്റുകൂട്). പ്രദർശനകൂടും മാറ്റുകൂടും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതും ബന്ധിപ്പിക്കുന്ന ഭാഗത്ത് ഷട്ടർ ഘടിപ്പിച്ചിട്ടുള്ളതുമാണ്. ഈ സംവിധാനം ഉപയോഗിച്ച് പാമ്പുകളെ പ്രദർശനകൂടിലേയ്ക്കും മാറ്റുകൂടിലേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly